പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1716 | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| മാതൃകാ അംഗൻവാടികൾ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. കെ. രാജു | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | മാതൃകാ അംഗൻവാടികൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ; | (എ) മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി എം.എൽ.എമാരുടെ ശുപാർശയോടുകൂടി 10 സെന്റ് സ്ഥലം ലഭ്യമാക്കുന്ന അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കി ഉയർത്തുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം അവസാനഘട്ടത്തിലെത്തിയിട്ടുണ്ട്. ക്ളാസ്റൂം, ഡൈനിംഗ്റൂം, വൃദ്ധർക്കുള്ള പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, വർക്ക് ഏരിയ, കുടിവെള്ളം, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളോടു കൂടിയ രണ്ട്നില കെട്ടിടത്തിൽ അമ്മമാരുടെ യോഗങ്ങൾക്കും മുതിർന്ന സ്ത്രീകളുടെ പരിപാലനത്തിനും ഹാൾ, ശിശു/സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, മാതൃ, ശിശു, കൗമാര പ്രായക്കാർക്കുള്ള പ്രതിരോധകുത്തിവെപ്പിനുള്ള കേന്ദ്രം, മറ്റു വകുപ്പുകളിലായി ഏകോപിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ , വൃദ്ധർക്കുള്ള വായനാമുറി മുതലായ സൗകര്യങ്ങളും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പുനലൂർ നിയോജകമണ്ഡലത്തിലെ ഏരൂർ ഗ്രാമപഞ്ചായത്തിൽ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (ബി) എരൂർ ഗ്രാമപഞ്ചായത്തിൽ എം.എൽ.എ ശുപാർശ ചെയ്തിട്ടുള്ള സെന്റർ നമ്പർ 92 അംഗൻവാടിയെയും മേൽപറഞ്ഞ പ്രകാരം മാതൃകാ അംഗൻവാടിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ